**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2677** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവയ്ക്ക് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. ലൈഫ് മിഷൻ തയ്യാറാക്കുന്ന ഭൂരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി വിഭാഗങ്ങൾക്ക് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 05 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും, നഗരസഭ-കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 03 സെന്റ് ഭൂമി വാങ്ങുന്നതിനായി യഥാക്രമം 4,50,000/- രൂപ, 6,00,000/- രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ലൈഫ് മിഷൻ പദ്ധതി പ്രകാരവും ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് ഭൂമി അനുവദിക്കുന്നുണ്ട്.ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു. പട്ടികജാതി വിഭാഗങ്ങളുടെ ഭവനപുനരുദ്ധാരണം/ പൂർത്തീകരണം ലക്ഷ്യമിട്ടുകൊണ്ട് 2 ലക്ഷം രൂപ വരെ അനുവദിക്കുന്ന സേഫ് ഭവന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. |
| (ബി) | വീട് നിർമ്മിക്കാൻ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങാൻ ധനസഹായ പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | മറുപടി (എ) പിരിവിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ